ഓഡിറ്റ്.II(3) 888/17

കാർഷികവികസന കർഷകക്ഷേമ വകുപ്പ്
ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി. 30/06/2019

**പരിപത്രം**

സർ,

വിഷയം:- കാർഷികവികസന കർഷകക്ഷേമ വകുപ്പ്-സർക്കാർ വാഹന ദുരുപയോഗ നിയന്ത്രണം-സംബന്ധിച്ച്

സൂചന:- 1) സർക്കാർ ഉത്തരവ് (എം.എസ്) 113/03/ഫിൻ തീയതി 24/02/2003.
2) 29/05/2019 തീയതിയിലെ കൂടിക്കാഴ്ചയിൽ കൃഷി ഡെപ്യൂട്ടി സെക്രട്ടറിയുടെ നിർദ്ദേശം

ഉപരി സൂചനകളിലേക്ക് ശ്രദ്ധ ക്ഷണിച്ചുകൊള്ളുന്നു. സൂചന (1) പ്രകാരം സർക്കാർ/പൊതുമേഖല/തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ സർക്കാർ ഉടമസ്ഥതയിലുള്ള വാഹനങ്ങൾ ഉപയോഗിക്കുന്നതിനും കൈകാര്യം ചെയ്യുന്നതിനും വിശദമായ ഒരു മാർഗ്ഗനിർദ്ദേശം നൽകിയിരുന്നതാണ്. എന്നിരുന്നാലും കൃഷി വകുപ്പിൽ വാഹനങ്ങൾ സർക്കാർ ഉത്തരവിലെ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ച് പരിപാലിച്ചു പോരുന്നതായി കാണുന്നില്ല. ആയതിനാൽ 29/05/2019 തീയതിയിൽ കൃഷി (പി ബി) വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറിയുമായി നടന്ന കൂടിക്കാഴ്ചയിന്മേലുണ്ടായ തീരുമാന പ്രാകരം എല്ലാ ജില്ലാ അധികാരി/ആഫീസ് മേധാവികളും സൂചന ഒന്ന് സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം മാത്രമാണ് സർക്കാർ വാഹനം കൈകാര്യം ചെയ്യുന്നതെന്ന് ഉറപ്പ് വരുത്തേണ്ടതാണെന്ന് അറിയിച്ചിരിക്കുന്നു. ടി ഉത്തരവിലെ നിർദ്ദേശങ്ങൾ വാഹനത്തിന്റെ ചുമതല വഹിക്കുന്ന ഉദ്യോഗസ്ഥൻ കൃത്യമായി പാലിക്കുന്നുണ്ടെന്ന വിവരം സസൂക്ഷ്മം പരിശോധിക്കേണ്ടതും ആയതിന്മേലുള്ള വ്യതിയാനം ഗൗരവമായി കാണേണ്ടതും കൃത്യവിലോപം നടത്തിയവർക്കെതിരെ ടി സർക്കാർ ഉത്തരവിൻ പ്രകാരം അച്ചടക്ക നടപടികൾ സ്വീകരിക്കേണ്ടതുമാണെന്ന് ഇതിനാൽ നിർദ്ദേശിച്ചു കൊള്ളുന്നു.

സർക്കാർ ഉത്തരവ് (എം എസ്) 113/03/ഫിൻ തീയതി 24.02.2003 ന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

വിശ്വസ്തതയോടെ,
(ഒപ്പ്)
**ഡയറക്ടർ**
**കാർഷികവികസന കർഷകക്ഷേമ വകുപ്പ്**

ഉള്ളടക്കം:

സർക്കാർ ഉത്തരവ് (എം.എസ്) 113/03/ഫിൻ തീയതി 24/02/2003

പകർപ്പ് :
1) സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ/സീനിയർ ഫിനാൻസ് ഓഫീസർ/ലോ ഓഫീസർ
2) എല്ലാ അഡീഷണൽ ഡയറക്ടർമാർക്കും, ജോയിന്റ് ഡയറക്ടർമാർക്കും
3) സ്റ്റേറ്റ് അഗ്രികൾച്ചർ എഞ്ചിനീയർ
4) എല്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്കും/ഓഫീസ് മേധാവികൾക്കും.
5) സ്റ്റോക്ക് ഫയൽ /അധികം
6) ഐ.റ്റി സെൽ (വെബ്സൈറ്റ് പ്രസിദ്ധീകരണത്തിന്)

SR 25/6/19

Senior Finance Officer
Directorate of Agriculture
Thiruvananthapuram